## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6127 02.04.2018-ലെ മറുപടിയ്ക്ക്

## ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. രാജഗോപാലൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ബജറ്റിൽ പ്രഖ്യാപിച്ച ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | 2016 -17 സാമ്പത്തിക വർഷം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ 9 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ 3 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. ഇവയിൽ തിരുവനന്തപുരം (ഇടവ), തൃശ്ശൂർ (ലാലൂർ) സ്റ്റേഡിയങ്ങൾക്ക് സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ 15 ദിവസത്തിനകം പൂർത്തിയാകും. ടെൻണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്റ്റേഡിയങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്റ്റേഡിയങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിൽ സാങ്കേതിക സമിതിയുടെ അംഗീകാരം ലഭ്യമായ ജില്ലാ സ്റ്റേഡിയങ്ങളിൽ പ്രധാനമായി വിഭാവനം ചെയ്തിട്ടുള്ള കളിസ്ഥലങ്ങൾ/സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.<br>**തിരുവനന്തപുരം** - ഗ്യാലറിയോടും അക്വസ്റ്റിക് സംവിധാനങ്ങളോട് കൂടിയതും മേപ്പിൾ തടി പ്രതലത്തോടു കൂടിയതുമായ വിവിധ കായിക ഇനങ്ങൾ നടത്താൻ സൗകര്യങ്ങളുള്ള ഇൻഡോർ സ്റ്റേഡിയം, പ്രകൃതിദത്ത പുൽ മൈതാനത്തോടു കൂടിയ മിനി |

| | | | |
|---|---|---|---|
| | | | ഫുട്ബോൾ സ്റ്റേഡിയം, ജിം സൗകര്യങ്ങൾ, ഫിൽട്രേഷൻ പ്ലാന്റ് - ചെയ്ഞ്ച് റൂമുകളോട് കൂടിയ സ്വിമ്മിംഗ്പൂൾ, അനുബന്ധ ഇലക്ട്രിക്കൽ, ഫയർ ഫൈറ്റിംഗ്, ജല വിതരണ സംവിധാനങ്ങൾ, സോളാർ പാനലുകൾ, റോഡ് - ചുറ്റുമതിൽ.<br>**തൃശ്ശൂർ** - ഗ്യാലറിയോടും അക്വാസ്റ്റിക് സംവിധാനങ്ങളോടും മേപ്പിൾ തടി പ്രതലത്തോടും കൂടിയ ശീതികരിച്ച ഇൻഡോർ സ്റ്റേഡിയം, സിന്തറ്റിക് ടെന്നീസ് കോർട്ട്, ജിം സൗകര്യങ്ങൾ, വിവിധ സൗകര്യങ്ങളോടു കൂടിയ 13000 സ്ക്വയർ ഫീറ്റ് പവലിയൻ മന്ദിരം, ഓഫീസ് മന്ദിരം, ഫുട്ബോളിനായി പ്രകൃതിദത്ത പുൽ മൈതാനം, ഫിൽട്രേഷൻ പ്ലാന്റ് - ചെയ്ഞ്ച് റൂമുകളോട് കൂടിയ സ്വിമ്മിംഗ് പൂൾ, ശുചി മുറികൾ, സോളാർ പാനലുകൾ, റോഡ്-ചുറ്റു മതിൽ മുതലായവ |

**സെക്ഷൻ ഓഫീസർ**